# കണ്ണൂരിൽ വൻ കഞ്ചാവ് വേട്ട; 3പേർ അറസ്റ്റിൽ




കണ്ണൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തുനിന്ന് കഞ്ചാവുമായി പിടിയിലായ തൃശൂർ സ്വദേശികൾ

**കണ്ണൂർ**

കണ്ണൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തുനിന്ന് 25 കിലോ കഞ്ചാവുമായി മൂന്ന് യുവാക്കൾ അറസ്റ്റിൽ. തൃശൂർ സ്വദേശികളായ സി എസ് സിബി (22), എസ് സുജിത്ത് (24), എൻ എം മിജോ (26) എന്നിവരാണ് അറസ്റ്റിലായത്. ജില്ലാ പൊലീസ് മേധാവി എ പ്രദീഷ് കുമാറിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ഡിവൈഎസ് പി സദാനന്ദന്റെ നിർദേശ പ്രകാരമാണ് അറസ്റ്റ്. അന്ധ്ര പ്രദേശിൽനിന്ന് ട്രെയിനിൽ കണ്ണൂരിലെത്തിച്ച കഞ്ചാവ് നഗരത്തിൽ വിൽപന നടത്താനുള്ള ശ്രമത്തിനിടെയാണ് പ്രതികൾ പിടിയിലായത്. കഴിഞ്ഞ ഏപ്രിലിൽ തൃശൂർ സ്വദേശികളായ രണ്ട് യുവാക്കളെ കഞ്ചാവുമായി അറസ്റ്റ് ചെയ്തിരുന്നു. ഇവരിൽനിന്നാണ് ഈ സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ പൊലീസിന് കിട്ടിയത്. കണ്ണൂരിലെ സ്കൂളുകൾ കേന്ദ്രീകരിച്ച് വിൽപന നടത്താൻ പദ്ധതിയുണ്ടായിരുന്നുവെന്ന് അന്വേഷണത്തിൽ വ്യക്തമായി. പ്രതികളെ വടകര എൻഡിപിഎസ് കോടതിയിൽ ഹാജരാക്കി. കണ്ണൂർ ടൗൺ എസ്ഐ ബാവിഷ്, എഎസ്ഐമാരായ ടി മഹിജൻ, രാജീവൻ, സിപിഒമാരായ സി അജിത്ത്, സി പി മഹേഷ്, പി സി മിഥുൻ, എ സുഭാഷ്, കെ പി സുജിത്ത് എന്നിവരാണ് സംഘത്തിലുണ്ടായത്.